Reg. No. : ......................................

Name : ...........................................

**SY-550**

# SECOND YEAR HIGHER SECONDARY EXAMINATION, MARCH 2023

Part – III

## ACCOUNTANCY WITH COMPUTERISED ACCOUNTING

Maximum : 60 Scores

Time : 2 Hours
Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

DITTO WS

## PART – A

**(ACCOUNTING)** **(40 Scores)**

**I. Answer any 4 questions from 1 to 5. Each carries 1 score.** **(4 × 1 = 4)**

1. Under fixed capital method, all adjustments relating to partners capital are shown in ________.

   (a) Current A/c (b) Capital A/c

   (c) Profit & Loss Appropriation A/c (d) Profit & Loss A/c

2. Anu, Binu and Cinu are partners sharing profits in the ratio of $\frac{1}{2}, \frac{2}{5}$ and $\frac{1}{10}$. Cinu retires. The new ratio between Anu and Binu is ________.

   (a) 4 : 5 (b) 5 : 4

   (c) 1 : 2 (d) 2 : 1

3. The present value of a firm's anticipated excess earnings is ________.

   (a) Capital (b) Reserve

   (c) Goodwill (d) Loss

4. Realisation Account is prepared at the time of __________.

   (a) Dissolution of Firm (b) Admission of a Partner

   (c) Retirement of a Partner (d) Death of a Partner

5. The accumulated profits and reserves at the time of dissolution of a firm are transferred to ________.

   (a) Realisation Account (b) Partners Capital Account

   (c) Bank Account (d) Partners' Loan Account

DITTO WS

## PART – A

**(ACCOUNTING)** **(40 Scores)**

**I. 1 മുതൽ 5 വരെ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(4 × 1 = 4)**

1. സ്ഥിര മൂലധന രീതിയിൽ പങ്കാളികളുടെ മൂലധനവുമായി ബന്ധപ്പെടുന്ന അഡ്ജസ്റ്റ്മെന്റുകൾ രേഖപ്പെടുത്തുന്ന അക്കൗണ്ടാണ് ________.
   (a) കറന്റ് അക്കൗണ്ട് (b) മൂലധന അക്കൗണ്ട്
   (c) ലാഭനഷ്ട വിനിയോഗ അക്കൗണ്ട് (d) ലാഭനഷ്ട ക്കണക്ക്

2. അനു, ബിനു, സിനു $\frac{1}{2}, \frac{2}{5}, \frac{1}{10}$ എന്ന അനുപാതത്തിൽ ലാഭം വീതിക്കുന്ന പങ്കാളികളാണ്. സിനു വിരമിക്കുന്നു. അനുവിന്റെയും ബിനുവിന്റെയും പുതിയ ലാഭ അനുപാതം ________ ആണ്.
   (a) 4 : 5 (b) 5 : 4
   (c) 1 : 2 (d) 2 : 1

3. ഒരു ബിസിനസ് സ്ഥാപനത്തിന്റെ പ്രതീക്ഷിത അധിക ലാഭത്തിന്റെ ഇപ്പോഴുള്ള മൂല്യമാണ് ________.
   (a) മൂലധനം (b) കരുതൽ
   (c) സൽപ്പേര് (d) നഷ്ടം

4. റിയലൈസേഷൻ അക്കൗണ്ട് തയ്യാറാക്കുന്നത് ________.
   (a) പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുന്ന സമയത്ത്.
   (b) ഒരു പങ്കാളിയുടെ പ്രവേശന സമയത്ത്.
   (c) ഒരു പങ്കാളി വിരമിക്കുമ്പോൾ
   (d) ഒരു പങ്കാളി മരണപ്പെടുമ്പോൾ

5. പങ്കാളിത്ത സ്ഥാപനം അടച്ചുപൂട്ടുന്ന സമയത്ത് സഞ്ചിത ലാഭവും കരുതൽ ധനവും മാറ്റുന്നത് ________.
   (a) റിയലൈസേഷൻ അക്കൗണ്ടിൽ (b) പങ്കാളികളുടെ മൂലധന അക്കൗണ്ടിൽ
   (c) ബാങ്ക് അക്കൗണ്ടിൽ (d) പങ്കാളികളുടെ ലോൺ അക്കൗണ്ടിൽ

DITTO WS

**II. Answer all questions from 6 to 7. Each carries 2 scores. (2 × 2 = 4)**

6. List out any four items appearing in the credit side of Partners Capital Account, when capitals are fluctuating.

7. Anil, Sunil and Manoj are partners sharing profits in the ratio of 3 : 2 : 1. Sunil retires and Goodwill of the firm is valued at ₹ 60,000. Pass necessary journal entry for the treatment of Goodwill.

**III. Answer any 2 questions from 8 to 10. Each carries 3 scores. (2 × 3 = 6)**

8. Raheem and Saleem are partners in a firm. They share profits equally. Their monthly drawings are ₹ 2,500 each. Interest on drawings is charged at 12% p.a. Calculate interest on Raheem's drawings for the year 2022, assuming that the drawings are made :

   (i) in the beginning of every month

   (ii) in the middle of every month, and

   (iii) at the end of every month

9. Rosy and Lilly are partners sharing profits in the ratio of 7 : 5. They admit Jhinsi as a new partner for $\frac{1}{6}$ share which she acquired $\frac{1}{24}$ from Rosy and $\frac{1}{8}$ from Lilly. Calculate the New Profit Sharing Ratio of Rosy, Lilly and Jhinsi.

10. Write any three differences between Dissolution of Partnership and Dissolution of Firm.

**IV. Answer all questions from 11 to 12. Each carries 4 scores. (2 × 4 = 8)**

11. A firm's profit during 2020, 2021 and 2022 were ₹ 18,000, ₹ 20,000 and ₹ 22,000 respectively. The firm has capital investment of ₹ 1,00,000. A fair rate of return on investment is 10% p.a. Calculate the value of Goodwill on the basis of :

   (a) two years' purchase of the average profits.

   (b) three years' purchase of the super profits.

II. **6 മുതൽ 7 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 2 സ്കോർ വീതം. (2 × 2 = 4)**

6. അസ്ഥിര മൂലധന അക്കൗണ്ട് രീതിയിൽ, ഒരു പങ്കാളിയുടെ മൂലധന അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട നാല് ഇനങ്ങൾ പട്ടികപ്പെടുത്തുക.

7. അനിൽ, സുനിൽ, മനോജ് എന്നിവർ 3 : 2 : 1 അനുപാതത്തിൽ ലാഭം വീതിക്കുന്ന പങ്കാളികളാണ്. സുനിൽ വിരമിക്കുകയും സ്ഥാപനത്തിന്റെ ഗുഡ്‌വിൽ വില 60,000 രൂപയായി നിശ്ചയിക്കുകയും ചെയ്തു. ഗുഡ്‌വിലിന്റെ ക്രമീകരണവുമായി ബന്ധപ്പെട്ട ആവശ്യമായ ജേർണൽ എൻട്രി രേഖപ്പെടുത്തുക.

III. **8 മുതൽ 10 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (2 × 3 = 6)**

8. റഹീം, സലീം എന്നിവർ ഒരു സ്ഥാപനത്തിലെ പങ്കാളികളാണ്. അവർ ലാഭം തുല്യമായി പങ്കുവയ്ക്കുന്നു. അവർ പ്രതിമാസം പിൻവലിക്കുന്ന തുക 2,500 രൂപ വീതമാണ്. തൻപറ്റ് പലിശ വർഷത്തിൽ 12% നിരക്കിൽ ഈടാക്കണം. റഹീം പിൻവലിച്ച തുകയ്ക്ക് താഴെ പറയുന്ന സാഹചര്യങ്ങളിൽ പലിശ കണക്കാക്കുക :
   (i) പിൻവലിച്ചത് മാസാരംഭത്തിൽ
   (ii) പിൻവലിച്ചത് ഓരോ മാസത്തിന്റെയും മധ്യത്തിൽ
   (iii) പിൻവലിച്ചത് മാസാവസാനം

9. റോസി, ലില്ലി എന്നിവർ 7 : 5 ലാഭ അനുപാതമുള്ള പങ്കാളികളാണ്. ജിൻസിയെ $\frac{1}{6}$ ലാഭ വീതം നൽകി പുതിയ ബിസിനസ് പങ്കാളിയാക്കി. ഇതിനായി റോസിയുടെയും, ലില്ലിയുടെയും ലാഭ വീതത്തിൽ നിന്ന് $\frac{1}{24}$, $\frac{1}{8}$ എന്നീ ക്രമത്തിൽ നൽകി. ഇവരുടെ പുതിയ ലാഭ അനുപാതം കണ്ടുപിടിക്കുക.

10. പങ്കാളിത്തം പിരിച്ചുവിടലും പങ്കാളിത്ത സ്ഥാപനത്തിന്റെ അടച്ചുപൂട്ടലും തമ്മിലുള്ള ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ എഴുതുക.

IV. **11 മുതൽ 12 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 4 സ്കോർ വീതം. (2 × 4 = 8)**

11. ഒരു സ്ഥാപനത്തിന്റെ 2020, 2021, 2022 വർഷങ്ങളിലെ ലാഭം ₹ 18,000, ₹ 20,000, ₹ 22,000 എന്നീ ക്രമത്തിലാണ്. സ്ഥാപനത്തിലെ മൂലധന നിക്ഷേപം ₹ 1,00,000 ആണ്. നിക്ഷേപത്തിന് പ്രതീക്ഷിക്കുന്ന ലാഭനിരക്ക് പ്രതിവർഷം 10% ആണ്. സൽപ്പേരിന്റെ മൂല്യം താഴെ സൂചിപ്പിക്കുന്ന രീതിയിൽ കണ്ടുപിടിക്കുക :
   (a) ശരാശരി ലാഭം രണ്ട് വർഷത്തേക്ക് വാങ്ങുന്നതിനുള്ള വിലയായി.
   (b) അധികലാഭം മൂന്ന് വർഷത്തേക്ക് വാങ്ങുന്നതിനുള്ള വിലയായി.

12. Anoop, Manoop and Sanoop are partners in a firm. Manoop retires from the firm. On his date of retirement ₹ 40,000 is due to him. Anoop and Sanoop promised to pay him in instalments every year at the end of the year.

Prepare Manoop's Loan Account when the payment is made in four yearly instalments plus interest @ 12% p.a. on the unpaid balance.

**V. Answer all the questions from 13 to 14. Each carries 5 scores. (2 × 5 = 10)**

13. Rajan and Sajan are partners in a firm sharing profits and losses in the ratio of 2 : 1. Their capital balance as on 01-04-2022 was ₹ 4,00,000 and ₹ 3,00,000 respectively. The partnership deed provides that Rajan is to be paid a salary of ₹ 2,000 per month and Sajan is to get a commission of ₹ 10,000 for the year. Interest on capital is to be allowed at 8% p.a.

The drawings of Rajan and Sajan for the year were ₹ 30,000 and ₹ 10,000 respectively. Interest on Rajan's drawings was ₹ 750 and on Sajan's drawings, ₹ 250. The Net Profit of the firm before making these adjustments was ₹ 1,82,000.

Prepare Profit and Loss Appropriation Account.

14. (a) Abu, Tara and Ravi are partners in a firm sharing profits in the ratio of 5 : 4 : 1. Ravi died on 30th June 2022. His share of profit was to be calculated on the basis of average profits of the last three years, which were ₹ 1,56,000 for 2019, ₹ 1,85,000 for 2020 and ₹ 1,75,000 for 2021.

(i) Calculate Ravi's share of Profit. **(2)**

(ii) Pass necessary journal entry for the same. **(1)**

(**Hint :** Accounts are closed on 31st December)

(b) Mention any four accounting adjustments/aspects involved on retirement/death of a partner. **(2)**

12. അനൂപ്, മനൂപ്, സനൂപ് എന്നിവർ ഒരു സ്ഥാപനത്തിലെ പങ്കാളികളാണ്. മനൂപ് സ്ഥാപനത്തിൽ നിന്ന് വിരമിക്കുന്നു. അയാൾ വിരമിക്കുന്ന ദിവസം 40,000 രൂപ അയാൾക്ക് കൊടുക്കാനുണ്ട്. അനൂപും സനൂപും അയാൾക്ക് വാർഷിക തവണകളായി വർഷാവസാനം തുക നൽകാമെന്ന് വാഗ്ദാനം കൊടുക്കുന്നു. കൊടുക്കാനുള്ള തുക നാല് തുല്യ വാർഷിക തവണകളായും ഒപ്പം കൊടുക്കാൻ ബാക്കിയുള്ള തുകയ്ക്ക് 12% വാർഷിക നിരക്കിൽ പലിശയും ചേർത്തുകൊണ്ടുള്ള മനൂവിന്റെ ലോൺ അക്കൗണ്ട് തയ്യാറാക്കുക.

**V. 13 മുതൽ 14 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 5 സ്കോർ വീതം. (2 × 5 = 10)**

13. പങ്കാളികളായ രാജനും സാജനും ലാഭം പങ്കിടുന്നത് 2 : 1 എന്ന അനുപാതത്തിലാണ്. 2022 ഏപ്രിൽ 1 ന് അവരുടെ മൂലധന നീക്കിയിരിപ്പ് തുക യഥാക്രമം 4,00,000 രൂപയും 3,00,000 രൂപയും ആണ്. പങ്കാളിത്ത കരാർ അനുസരിച്ച് രാജന് പ്രതിമാസം 2,000 രൂപ ശമ്പളവും സാജന് പ്രതിവർഷം 10,000 രൂപ കമ്മീഷനും നൽകണം. മൂലധനത്തിന് 8% പലിശ നൽകണം.

രാജൻ, സാജൻ എന്നിവരുടെ നടപ്പുവർഷത്തെ തൻപറ്റ് യഥാക്രമം 30,000 രൂപയും 10,000 രൂപയുമാണ്. രാജന്റെ തൻപറ്റിന് 750 രൂപയും സാജന്റെ തൻപറ്റിന് 250 രൂപയും പലിശ ഈടാക്കണം. ഈ ക്രമീകരണങ്ങൾക്ക് മുമ്പുള്ള സ്ഥാപനത്തിന്റെ അറ്റാദായം 1,82,000 രൂപയാണ്.

സ്ഥാപനത്തിന്റെ ലാഭനഷ്ട വിനിയോഗ അക്കൗണ്ട് തയ്യാറാക്കുക.

14. (a) 5 : 4 : 1 എന്ന അനുപാതത്തിൽ ലാഭം വീതിക്കുന്ന പങ്കാളികളാണ് അബുവും, താരയും, രവിയും. 2022 ജൂൺ 30 ന് രവി മരിച്ചു. രവിയുടെ ലാഭ വിഹിതം കഴിഞ്ഞ മൂന്ന് വർഷത്തെ ലാഭത്തിന്റെ ശരാശരിയുടെ അടിസ്ഥാനത്തിലാണ് കണക്കാക്കുന്നത്. അത് 2019 ൽ 1,56,000 രൂപയും, 2020 ൽ 1,85,000 രൂപയും, 2021 ൽ 1,75,000 രൂപയുമാണ്.

(i) രവിയുടെ ലാഭവിഹിതം കണക്കാക്കുക. **(2)**

(ii) ഇതിനാവശ്യമായ ജേർണൽ എൻട്രി എഴുതുക. **(1)**

(**സൂചന :** അക്കൗണ്ട് ക്ലോസ് ചെയ്യുന്നത് ഡിസംബർ 31 ആണ്)

(b) ഒരു പങ്കാളിയുടെ വിരമിക്കൽ/മരണ സമയത്ത് ആവശ്യമായ ഏതെങ്കിലും നാല് അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ സൂചിപ്പിക്കുക. **(2)**

**VI. Answer any one question from 15 to 16. Carries 8 scores. (1 × 8 = 8)**

15. The following is the Balance Sheet of Arun and Varun sharing profits and losses in the ratio of 5 : 3.

**Balance sheet as on March 31, 2022**

| Liabilities | | Amount (₹) | Assets | Amount (₹) |
|---|---|---|---|---|
| Creditors | | 40,000 | Cash | 20,000 |
| Bills payable | | 20,000 | Debtors | 60,000 |
| **Capital :** | | | Stock | 80,000 |
| Arun | 1,20,000 | | Machinery | 1,20,000 |
| Varun | 1,00,000 | 2,20,000 | | |
| | | **2,80,000** | | **2,80,000** |

They agreed to admit Sabu into partnership on the following terms :

(a) Sabu brings ₹ 80,000 as his capital and ₹ 40,000 as his share of goodwill.

(b) Machinery is valued at ₹ 1,50,000 and Stock at ₹ 1,00,000.

(c) A provision for bad debts is to be created @ 5% on debtors.

(d) The new profit sharing ratio is 7 : 5 : 4.

Prepare :

(i) Revaluation A/c

(ii) Partners Capital A/c and

(iii) Balance sheet of new firm.

**VI. 15 മുതൽ 16 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ.** **(1 × 8 = 8)**

15. 5 : 3 എന്ന അനുപാതത്തിൽ ലാഭവും നഷ്ടവും പങ്കിടുന്ന അരുൺ, വരുൺ എന്നിവരുടെ ബാലൻസ് ഷീറ്റ് താഴെ നൽകുന്നു.

**ബാലൻസ് ഷീറ്റ് 31-03-2022**

| ബാധ്യതകൾ | തുക (₹) | ആസ്തികൾ | തുക (₹) |
|---|---|---|---|
| ക്രഡിറ്റേഴ്സ് | 40,000 | ക്യാഷ് | 20,000 |
| ബിൽസ് പേയ്ബിൾ | 20,000 | ഡെബ്റ്റേഴ്സ് | 60,000 |
| **ക്യാപ്പിറ്റൽ :** | | സ്റ്റോക്ക് | 80,000 |
| അരുൺ 1,20,000 | | മെഷീനറി | 1,20,000 |
| വരുൺ 1,00,000 | 2,20,000 | | |
| | **2,80,000** | | **2,80,000** |

സാബുവിനെ താഴെപ്പറയുന്ന പ്രകാരം പുതിയ പങ്കാളിയായി ഉൾപ്പെടുത്തി :

(a) സാബു 80,000 രൂപ മൂലധനമായും 40,000 രൂപ ഗുഡ്‌വിൽ ഓഹരിയായും കൊണ്ടുവന്നു.

(b) മെഷീനറിയുടെ പുതുക്കിയ വില 1,50,000 രൂപയും സ്റ്റോക്കിന്റെ പുതുക്കിയ വില 1,00,000 രൂപയും ആകുന്നു.

(c) ഡെബ്റ്റേഴ്സിന്റെ 5% സംശയാസ്പദ കടത്തിനുള്ള പ്രൊവിഷനായി മാറ്റി വയ്ക്കണം.

(d) പുതിയ ലാഭ അനുപാതം 7 : 5 : 4 ആണ്.

(i) റീവാല്യൂവേഷൻ അക്കൗണ്ട്

(ii) പങ്കാളികളുടെ മൂലധന അക്കൗണ്ടുകൾ

(iii) പുതിയ ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കുക.

16. Amal and Bimal are equal partners in a firm. Their balance sheet as on 31st March 2022 was as follows :

**Balance sheet as on 31st March, 2022**

| **Liabilities** | **Amount (₹)** | **Assets** | **Amount (₹)** |
|---|---|---|---|
| Creditors | 10,000 | Bank | 5,000 |
| **Capital :** | | Debtors | 10,000 |
| Amal | 12,000 | Stock | 8,000 |
| Bimal | 8,000 | Furniture | 7,000 |
| | **30,000** | | **30,000** |

The firm was dissolved on 31st March 2022.

(i) The assets realised were :

Debtors – ₹ 8,500

Stock – ₹ 7,000

Furniture – ₹ 9,000

(ii) Creditors were paid ₹ 8,000 in full settlement.

(iii) Expenses on realisation amounted to ₹ 500.

Prepare Realisation Account, Partners' Capital Account and Bank Account.

16. അമലും ബിമലും ഒരു സ്ഥാപനത്തിലെ തുല്യ പങ്കാളികളാണ്. 2022 മാർച്ച് 31 ലെ അവരുടെ ബാക്കിപത്രം ചുവടെ കൊടുക്കുന്നു :

**2022 മാർച്ച് 31 ലെ ബാക്കിപത്രം**

| **ബാധ്യതകൾ** | **തുക (₹)** | **ആസ്തികൾ** | **തുക (₹)** |
|---|---|---|---|
| ക്രഡിറ്റേഴ്സ് | 10,000 | ബാങ്ക് | 5,000 |
| **ക്യാപ്പിറ്റൽ :** | | ഡെബ്റ്റേഴ്സ് | 10,000 |
| അമൽ | 12,000 | സ്റ്റോക്ക് | 8,000 |
| ബിമൽ | 8,000 | ഫർണിച്ചർ | 7,000 |
| | **30,000** | | **30,000** |

ഈ ദിവസം സ്ഥാപനം അടച്ചു പൂട്ടാൻ തീരുമാനിച്ചു.

(i) ആസ്തികൾ വിറ്റ തുകകൾ ചുവടെ കൊടുക്കുന്നു :

ഡെബ്റ്റേഴ്സ് – 8,500 രൂപ

സ്റ്റോക്ക് – 7,000 രൂപ

ഫർണിച്ചർ – 9,000 രൂപ

(ii) ക്രഡിറ്റേഴ്സ് അവരുടെ കണക്ക് തീർപ്പാക്കാനായി 8,000 രൂപ നൽകി.

(iii) റിയലൈസേഷൻ ചെലവ് 500 രൂപയായി.

റിയലൈസേഷൻ അക്കൗണ്ട്, പങ്കാളികളുടെ ക്യാപ്പിറ്റൽ അക്കൗണ്ട്, ബാങ്ക് അക്കൗണ്ട് എന്നിവ തയ്യാറാക്കുക.

DITTO WS

## PART – B

## (COMPUTERISED ACCOUNTING) (20 Scores)

**VII. Answer any 3 questions from 17 to 20. Each carries 1 score.** **(3 × 1 = 3)**

17. Alphabets or symbols used to codify a piece of information is ________.

(a) Sequential codes (b) Block codes

(c) Mnemonic codes (d) Numeric codes

18. Identify the function which helps to convert a date in the form of text to a number.

(a) DATE (b) DAY

(c) NOW (d) DATE VALUE

19. Net Pay = ________.

(a) Gross Pay – Total Deductions (b) Gross Pay + Total Deductions

(c) Basic Pay + DA (d) Basic Pay + DA + HRA

20. Identify the Free and Open Source Accounting Software

(a) Peachtree (b) Tally

(c) Daceasy (d) GNU Khata

**VIII. Answer the question 21 which carries 2 scores.** **(1 × 2 = 2)**

21. Write short notes on :

(a) Tables

(b) Queries

**IX. Answer all the questions from 22 to 23. Each carries 3 scores.** **(2 × 3 = 6)**

22. Briefly explain the following elements of a Chart/Graph :

(a) Chart Area

(b) Data Points

(c) Legend

DITTO WS

## PART – B

## (COMPUTERISED ACCOUNTING) (20 Scores)

**VII. 17 മുതൽ 20 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(3 × 1 = 3)**

17. അക്ഷരങ്ങളോ ചിഹ്നങ്ങളോ ഉപയോഗിച്ചുള്ള കോഡിങ് രീതിയാണ് ________.
    (a) പരമ്പര കോഡുകൾ (b) ശ്രേണി കോഡുകൾ
    (c) പ്രതീക കോഡുകൾ (d) ന്യൂമെറിക് കോഡുകൾ

18. ടെക്സ്റ്റ് രൂപത്തിലുള്ള ഒരു തീയതിയെ സംഖ്യാ രൂപത്തിലേക്ക് പരിവർത്തനം ചെയ്യാൻ സഹായിക്കുന്ന ഫങ്ഷൻ തിരിച്ചറിയുക.
    (a) DATE (b) DAY
    (c) NOW (d) DATE VALUE

19. അറ്റ ശമ്പളം = ________.
    (a) മൊത്ത ശമ്പളം – ആകെ കിഴിവുകൾ
    (b) മൊത്ത ശമ്പളം + ആകെ കിഴിവുകൾ
    (c) അടിസ്ഥാന ശമ്പളം + ക്ഷാമബത്ത
    (d) അടിസ്ഥാന ശമ്പളം + ക്ഷാമബത്ത + വീട്ടുവാടക ബത്ത

20. തന്നിരിക്കുന്നവയിൽ നിന്നും സ്വതന്ത്രവും പൊതുവായ സോഴ്സ് ഉള്ളതുമായ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറിനെ തിരിച്ചറിയുക.
    (a) പീച്ട്രി (b) ടാലി
    (c) ഡാക്ഈസി (d) ജിനു ഖാത്ത

**VIII. ചോദ്യം 21 ന് ഉത്തരമെഴുതുക. 2 സ്കോർ.** **(1 × 2 = 2)**

21. ലഘുകുറിപ്പുകൾ എഴുതുക :
    (a) ടേബിളുകൾ
    (b) ക്വറികൾ

**IX. 22 മുതൽ 23 വരെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(2 × 3 = 6)**

22. ഒരു ചാർട്ട്/ഗ്രാഫിന്റെ, താഴെ പറയുന്ന ഘടകങ്ങളെ കുറിച്ച് ലഘുവിവരണം നൽകുക :
    (a) ചാർട്ട് ഏരിയ
    (b) ഡാറ്റാ പോയിന്റുകൾ
    (c) ലെജൻഡ്

23. Write the syntax for the following functions :

(a) SLN

(b) DB

(c) PMT

**X. Answer the question 24 which carries 4 scores.** **(1 × 4 = 4)**

24. Describe any four features of CAS.

**XI. Answer any one question from 25 to 26. Carries 5 scores.** **(1 × 5 = 5)**

25. (a) Using the following spreadsheet function, write the result displayed in the cell.

(i) = ROUND (412.654, –1)

(ii) = ROUND UP (25.314, 0)

(iii) = ROUND DOWN (568, –2) **(3)**

(b) State the reason for the errors given below :

(i) # DIV/0!

(ii) # NAME **(2)**

26. Complete the following table :

| **Voucher Type** | **Used to Record** | **Shortcut Keys** |
|---|---|---|
| Receipts | ? | F4 |
| ? | Cash and Credit sales of goods | F6 |
| Purchase | ? | F7 |
| Journal | Adjustment entries | ? |
| ? | Deposits or withdrawals of cash from bank | F8 |

DITTO WS

23. താഴെപ്പറയുന്ന ഫംഗ്ഷനുകളുടെ വാക്യഘടന എഴുതുക :

(a) SLN

(b) DB

(c) PMT

**X. ചോദ്യം 24 ന് ഉത്തരമെഴുതുക. 4 സ്കോർ. (1 × 4 = 4)**

24. കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗിന്റെ ഏതെങ്കിലും നാല് പ്രത്യേകതകളെ കുറിച്ച് വിശദീകരിക്കുക.

**XI. 25 മുതൽ 26 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ. (1 × 5 = 5)**

25. (a) താഴെ നല്കിയിരിക്കുന്ന സ്പ്രെഡ്ഷീറ്റ് ഫംഗ്ഷനുകൾ ഉപയോഗിക്കുമ്പോൾ, സെല്ലുകളിൽ കാണിക്കുന്ന ഉത്തരം എന്തായിരിക്കുമെന്ന് എഴുതുക.

(i) = ROUND (412.654, –1)

(ii) = ROUND UP (25.314, 0)

(iii) = ROUND DOWN (568, –2) **(3)**

(b) താഴെ സൂചിപ്പിക്കുന്ന പിശകിന്റെ കാരണം വ്യക്തമാക്കുക :

(i) # DIV/0!

(ii) # NAME **(2)**

26. നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക :

| വൗച്ചർ തരം | ഉപയോഗം | ബട്ടൺ |
|---|---|---|
| റെസിപ്റ്റ്സ് | ? | F4 |
| ? | സാധനങ്ങളുടെ പണത്തിലും കടത്തിലുമുള്ള വില്പന | F6 |
| പർച്ചേയ്സ് | ? | F7 |
| ജേർണൽ | ക്രമീകരണ എൻട്രികൾ | ? |
| ? | ബാങ്കിൽ പണം നിക്ഷേപിക്കൽ അല്ലെങ്കിൽ പണം പിൻവലിക്കൽ | F8 |